


# കൈയൊപ്പുകൾ




# സാങ്കേതിക വിദ്യയുടെ നൂതന മേഖലകളിൽ കല്ലോടിയുടെ വിരൽസ്പർശനത്താൽ ആസ്വാദകരുടെ ഹൃദയത്തിൽ കൈയൊപ്പുകൾ ചാർത്താൻ സവിനയം സമർപ്പിക്കുന്നു.....





# കൈയൊപ്പുകൾ

Sjhss kallody

Chief editor : Annamma Mersy Antony

Staff editors : Golda Louis, Philip, Sr.Ancy

Student editor : Sanilit.V.Santhosh

Magazine crew: Jerin.M.Joshwa, Arnold Anil, Anjana.K.Devassia, Saranya M S

# “ART IS ALWAYS EVERYWHERE THE SECRET CONFESSION AND AT THE SAME TIME THE IMMORTAL MOVEMENT OF ITS TIME”

# -KARL MARX

**I congratulate little kites students on your great effort to prepare such a magazine .I understood that you have tried your level best to impart the information and knowledge regarding different items among students also this is a chance to prove your creativity . Best wishes and prayers for all those who have participated in this great venture .**

**Annamma.M.Antony**
**(Headmistress)**

***We aspire to provide a creative environment for children encourage them to develop their creative thinking….The learning and development of the children is not confined to the classroom but it is extended to external environment…. This allows the children to explore their surrounding and exercise their imagination …..it is indeed heartening to note that the IT club of sjhss kallody is releasing a digital magazine …… It gives me immense pleasure that this magazine has successfully accomplished its objective I wish all the success to this digital magazine……***

***Shanavas A.K***
***(PTA president)***

കല്ലോടി സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളായ വിദ്യാർത്ഥികളുടെ സർഗാത്മക മികവിന്റെ മിഴിവാർന്ന കലാസാഹിത്യരചനകൾക്ക്ഹൃദയ പൂർവ്വം ആശംസകൾ നേരുന്നു .

**Sebastain M.U**
**(staff secretary)**

# താളുകളിലൂടെ............

സഹോദര്യം .................... .......................................12
അസ്തമിക്കാത്ത അരുണൻ പോൽ...............16
യാത്രാകുറിപ്പ്. ...................................................18
I Love My India..................................................20
ഓണ നിഘണ്ടു..........................................................22
പുസ്തകങ്ങളിലെ ഓണം....................................24
പ്രളയപാഠം...............................................................26
നമ്മുടെ വായനാശീലം.......................................29
എങ്ങനെ വന്നു തിരുവോണം........................31
വയനാടിന്റെ ദുഃഖം............................................34
ഭാരതം....................................................................36
ലക്ഷ്യം....................................................................37
മണ്ണിലെ ദൈവങ്ങൾ........................................40
ജനലരികുകളിലേക്ക് തള്ളപ്പെട്ടവർ..............41
ആഗ്രഹത്തിന്റെ ചങ്ങല....................................47

Global warming..........................................................56
സ്വപ്നജാലമാം വിദ്യാലയം................................59
Technology and development...................................................... 61
തുലാസ്........................................................................ 64
ചിത്രങ്ങൾ…………………………………………………….. 65

# സാഹോദര്യം

രാജൻപ്പിള്ളയുടെ വീടിനു തൊട്ടുമുമ്പിലാണ് സഹദേവന്റെ വീട്. അറുത്ത കൈയ്ക്ക് ഉപ്പു തേക്കാത്തവനാണ് രാജൻപ്പിള്ള. ബ്ലേഡ് രാജൻ എന്നാണ് അയാളുടെ നാട്ടിലെ വിളിപ്പേര്. ഏകദേശം 4-5 അടി പൊക്കം. തടിച്ചു കൊഴുത്ത് ഒരു കുടവയറുമായി നിൽക്കുന്ന അയാളെ കണ്ടാൽ ഒരു അറുപിശുക്കനാണെന്ന് പറയുമെന്നാണ് നാട്ടിലെ വർത്തമാനം. എന്നാൽ ഇതിൽനിന്നെല്ലാം ഏറെ വിഭിന്നനാണ് സഹദേവൻ. അയാളെ പ്പറ്റി നാട്ടുകാർക്കെല്ലാം നല്ല മതിപ്പാണ്. എല്ലാവരോടും നല്ല സ്നേഹത്തോടു കൂടിയാണ് സഹദേവന്റെ പെരുമാറ്റം. രാവിലെ എഴുന്നേറ്റ് ആശുപത്രികളിലേക്കും വൃദ്ധസദനങ്ങളിലേക്കും അനാഥാലയത്തിലേക്കുമുള്ള പോക്കാണ്. അവിടുത്തെ അന്തേവാസികളോട് സംസാരിച്ചും ഭക്ഷണം കഴിച്ചും സമയം ചെലവിടുന്നത് സഹദേവന് ഏറ്റവും ആനന്ദം നിറഞ്ഞ

കാര്യയമായിരുന്നു. തൊട്ടടുത്തുള്ള അയൽക്കാരനാണെങ്കിൽ പോലും രാജൻപ്പിള്ളയ്ക്ക് സഹദേവനോട് അത്ര മതിപ്പൊന്നുമില്ല. അതിനു പിന്നിൽ ഒരു കാരണവുമുണ്ട്. 4-5 വർഷം മുമ്പ് രാജൻപ്പിള്ളയ്ക്ക് അത്യാവശ്യം മദ്യത്തിന്റെ വിൽപ്പനയുണ്ടായിരുന്നു. സ്നേഹാർദ്രം എന്ന അനാഥാലയത്തോട് ചേർന്ന് കുറച്ച് അടുത്തു തന്നെയായിരുന്നു ആ ബാറും. ഇതിനെതിരെയുള്ള സഹദേവന്റെ എതിർപ്പ് പോലീസ് സ്റ്റേഷൻ വരെ എത്തി. രാജൻപ്പിള്ളയുടെ ബാർ പൂട്ടിക്കാനുള്ള ഉത്തരവുമായി പോലീസ് എത്തി. ബാർ അടച്ചു. ഇതോടെയാണ് രാജൻപ്പിള്ള സഹദേവനെ വെറുക്കാൻ തുടങ്ങിയതും പണം പലിശയ്ക്കു നൽകാൻ തുടങ്ങിയതും.

വലിയൊരു സാമൂഹ്യ പരിഷ്കാരി വന്നിരിക്കുന്നു...ഹും!

രാജൻപ്പിള്ള എപ്പോഴും ഇതുപോലെ ഓരോന്നും പറഞ്ഞ് സഹദേവനെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും.

സഹദേവൻ ഒരിക്കൽ വീടിനു മുമ്പിൽ എത്തിയത് നനഞ്ഞുകുളിച്ചായിരുന്നു. എന്തേ എന്തു പറ്റി..... ഭാര്യ രേവതിയുടെ ചോദ്യമായിരുന്നു അത്....

അത്... അത് പിന്നെ സഹദേവന് പറയാൻ ഒരു ബുദ്ധിമുട്ടു പോലെ......

ഇന്ന് ഒരു സ്കൂൾ ബസ് പുഴയിൽ മറിഞ്ഞു. അതിലെ കുട്ടികളെ രക്ഷിക്കാനുള്ള ശ്രമത്തിൽ.....

രേവതി ഒന്നും പറയാതെ അകത്തേക്കു പോയി. രേവതിക്ക് സഹദേവൻ ഇങ്ങനെ സാമൂഹ്യനേതാവായി നടക്കുന്നത് അത്ര ഇഷ്ടമല്ല. പക്ഷേ, ആ വിയോജിപ്പ് മുഖത്ത് പ്രകടമാണെങ്കിൽ പോലും, ആ ദേഷ്യം ഒരിക്കലും സഹദേവനോടോ പിള്ളേരോടോ കാണിക്കില്ല.

കർക്കിടകമാസം എത്തി.ഇനി പേമാരിയുടെ കാലം. മഴ കാരണം കുട്ടികൾക്ക് രണ്ടു ദിവസം അവധിയാണ്. മഴയുടെ കെടുതികൾ അങ്ങിങ്ങായി കേൾക്കാം. ഉരുൾപൊട്ടലായും മണ്ണിടിച്ചിലായും അവ കാതുകളിൽ വന്നു പതിക്കുന്നു. എന്നിരുന്നാലും ഇതെന്തൊരു മഴയാണ്. 99 കാലഘട്ടത്തിലെ മഴയെപ്പറ്റി മുത്തശ്ശൻ പറഞ്ഞുതന്നത് സഹദേവൻ ഓർക്കുന്നുണ്ട്. അതുപോലെയങ്ങാനും.........

ഈശ്വരാ......കാത്തുക്കൊളളണമേ..... സഹദേവന്റെ പ്രാർത്ഥന. പെട്ടെന്നൊരു വിളി.

രക്ഷിക്കണേ..... വിളി കേട്ട് സഹദേവൻ ഓടി ചെന്നു നോക്കി. രാജൻപ്പിള്ളയുടെ വീടിനരികിലുള്ള മരം രാജൻപ്പിള്ളയുടെ വീട്ടിലേക്ക് മറിഞ്ഞിരിക്കുന്നു. രണ്ടു പറക്കമുറ്റാത്ത കുഞ്ഞുങ്ങൾ വീടിനകത്താണ്. പുറത്ത് രാജൻപ്പിള്ളയും ഭാര്യയും നിൽക്കുമ്പോഴായിരുന്നു സംഭവം. സഹദേവൻ ഒന്നും നോക്കിയില്ല........വേഗം രാജൻപ്പിള്ളയുടെ വീട്ടിലേക്ക്......മേൽക്കൂരയുടെ ഒരു കഷണം വീണ് തല മുറിഞ്ഞിരിക്കുന്നു. എന്നിരുന്നാൽ പോലും ആ രണ്ടു കുഞ്ഞുങ്ങളെ ഒരാപത്തും കൂടാതെ രാജൻപ്പിള്ളയുടെ കൈകളിലേയ്ക്ക് ..........രാജൻപ്പിള്ള സഹദേവനെ ആലിംഗനം ചെയ്തു............കണ്ണുകൾ നിറഞ്ഞു....

ANJANA K DEVASIA
9D

# അസ്തമിക്കാത്ത അരുണൻ പോൽ.......



ഉദിച്ചുയരും
സൂര്യകിരണങ്ങൾ...
നിലയ്ക്കാത്ത
മുറിപ്പാടുകൾ...
ചിരിക്കാൻ മറക്കുന്ന
ചുണ്ടുകൾ...
തന്നിൽ പലതും
കുറയ്ക്കുന്നവൾ...
ഇതാണ് അമ്മ എന്ന രൂപം...

കാറ്റിലാടും ചോലകൾ പോൽ...
കണ്ണ് നിറഞ്ഞ രൂപിണിയായി...
കിനാവുകണ്ടുറങ്ങുന്നതാകുന്നു...
ഇതാണ് അമ്മ എന്ന സാദിർശ്യം...

കോപമോടവളോട് അറപ്പോടവളോട്

തൻ ആവശ്യത്തിനായി ഏവനും ...
അരികിലേക്ക് പായുന്നു എന്നും ....
രാത്രി പകലാക്കി തരുന്നവൾ...
രോദനം പുഞ്ചിരിയാക്കുന്നവൾ...
ഇതാണ് അമ്മ എന്ന മൊഴി...

ഇരുട്ടിൽ നയിക്കുന്നവളെ...
വെളിച്ചമേ നിന്നെ അറിയു-
ന്നവനാരോ ഈ ഭുവിലി-
ന്നുണ്ട് മരിക്കാതെ ബാക്കിയായി... ഇതാണ്
അമ്മ എന്ന രണ്ടക്ഷരം.

ARPPITHA BABU
(9E)

# യാത്രാ വിവരണം

ഒരു ദിവസം ഞാനും എന്റെ മാതാപിതാക്കളും ഒരുമിച്ച് മൈസൂർ പോയി. പോകുന്ന വഴി ഞങ്ങൾക്ക് കാണാൻ വളരെ അധികം കാഴ്ചകൾ ഉണ്ടായിരുന്നു. രാവിലെ ഏകദേശം നാല് മണിയായി ഞങ്ങൾ അവിടെ നിന്ന് ഇറങ്ങിയപ്പോൾ. ചെറിയ ഒരു പേടിയുണ്ടായിരുന്നു, ആനശല്യമുള്ള വനത്തിലൂടെയായിരുന്നു ഞങ്ങൾ പോകുന്നത്. പക്ഷേ പേടിക്കാനൊന്നും തന്നെ ഉണ്ടായില്ല. ഫോറസ്റ്റ്കടന്നു. കർണാടക അതിർത്ഥിയിൽ എത്തി. ഒരു ചെറിയ ഗ്രാമത്തിൽ വണ്ടി നിർത്തി .എന്നിട്ട് കുറച്ച് പാത്രങ്ങൾ വാങ്ങികുറച്ച് ഭക്ഷണം കഴിച്ച് പോയി. ആ ഗ്രാമത്തിൽ ഒരു വലിയ പാടം ഉണ്ടായിരുന്നു.. അതിൽ നിറയെ

നെൽക്രിഷിയായാരുന്നു. ആടുകളെ തീറ്റിക്കുന്നത് കണ്ടു. പിന്നെ കുറച്ച് ആനകളെയും കണ്ടു. പിന്നെ ഏകദേശം ഉച്ചയായപ്പോൾ മൈസൂർ എത്തി. അവിടുത്തെ മനോഹരമായ കാഴ്ചകൾ കണ്ട് തിരിച്ചുമടങ്ങി.

-AUSTIN JOBY
(8E )

# I LOVE MY INDIA



I do believe that,’INDIA MY MOTHER LAND’ is most precious to me in this world.India is belive in truth of all religion.We dream an India where No proverty,No illitteracy and No war.India is the most popular country in the world.Father of our nation’MAHATMA GANDHI’said that human being are the childrens of God.Democracy is the beautifull philosophy of India.The our politics should be for our ‘National welfare’India consists of thousands of villagers.India has plenty of fertile land .Industry is strenght.students are

our wealth. We should work hard for a developed nation

I LOVE MY INDIA-MY MOTHER LAND



ALEENA BINU
(8G)

# ഓണ നിഘണ്ടു

ആവണിമാസം : ചിങ്ങ മാസം
ഉത്രാടക്കാഴ്ച്ച : ഉത്രാടനാളിലെ ക്ഷേത്രങ്ങളിൽ സമർ പിക്കുന്ന കാഴ്ച്ചകൾ
ഉത്രാടപാച്ചിൽ : ഓണസദ്യ ഒരുക്കുവാനുള്ള ഓട്ടവും തിടുക്കവും
ഓണക്കമ്പം : ഓണത്തിനുള്ള ആവേശം
ഓണക്കളി : ഓണത്തിന് കളിക്കുന്ന നാടൻ കളികൾ
ഓണത്തപ്പൻ : മഹാബലി
ഓണത്തല്ല് : ഓണത്തിന് കളിക്കുന്ന കായിക വിനോദം
ഓണത്തുമ്പി : മഞ്ഞ നിറമുള്ള ഒരിനം തുമ്പി

ഓണപ്പുല്ല് : ഊർപ്പൻ എന്ന പുല്ല്
ഓണമുണ്ണുക : ഓണസദ്യ ഉണ്ണുക
പിള്ളയോണം : കർക്കിടകത്തിലെ
തിരുവോണം
പൂത്തിരുവോണം : വിവാഹം കഴിഞ്ഞിട്ടുള്ള
ആദ്യത്തെ ഓണം
വാമനന് : മഹാബലിയെ
നിഗ്രഹിച്ചവൻ
ശ്രാവണം : ഓണമാസം

ആസ്റ്റിൻ ഗർവാസിസ്
IX E

# പുസ്തകങ്ങളിലെ ഓണം



. സംഘകാല കൃതികളിൽ 'ഇന്ദ്രവിഴ '
എന്നാണ് ഓണം അറിയപ്പെട്ടിരുന്നത്

.'മഹാബലിചരിത്രം' എന്ന്
പതിനെട്ടാം നൂറ്റാണ്ടിൽ രചിച്ച
കൃതിയാണ് 'ഓണപ്പാട്ട്

.കവിയുടെ ചോദ്യത്തിന്

തൃക്കാകരയിൽ നിന്നുവന്ന കിളി

ഉത്തരം പറയുന്ന രീതിയിലാണ് ഇത്

രചിച്ചത്

.ഓണാഘോഷ ചടങ്ങുകളിൽ
പ്രതിപാദിക്കുന്ന കാവ്യമാണ്


ഓണവൃത്തം

ആസ്റ്റിൻ ഗർവാസിസ്

IX E

# പ്രളയം പാഠം

സകലതലത്തിലും നാശം വിതച്ച
പ്രളയം
തോടുകലളെ പുഴകളാക്കിയ
പ്രളയം
വീടുകളെ മൺകൂഞ്ഞകളാക്കിയ
പ്രളയം
കുറ്റൻ മരങ്ങളെ
പിഴുതെറിഞ്ഞ
പ്രളയം



മൺതിട്ടകളെ കീൽമേൽ മറിച്ച
പ്രളയം
നാനാജാതിക്കാരായ മനുഷ്യരെ
ഒന്നുപ്പിച്ച പ്രളയം
തോടുകളെ പുഴകളാക്കിയ പ്രളയം
പുഴകളെ കടലാക്കിയ പ്രളയം
കടലുകളെ സമുദ്രങ്ങളാക്കിയ
പ്രളയം
വയലുകളെ പുഴകളാക്കിയ പ്രളയം
റോഡുകളെ തോടുകളാക്കിയ
പ്രളയം

നാം ഒന്നാണെന്ന് ചിന്തിപ്പിച്ചു
പ്രളയം
പ്രകൃതിയെ വേദനിപ്പിച്ചാൽ
ഭയങ്കരമായ പ്രളയം നേരിടേണ്ടി
വരുമെന്ന് പഠിപ്പിച്ചു പ്രളയം
ആണ് ഈ പ്രളയം...

Ashakar Ali

# നമ്മുടെ വായനാശീലം



'വായിച്ചാലും വളരും ;വായിച്ചില്ലെലും വളരും ;വായിച്ചാൽ വിളയും; വായിച്ചില്ലേൽ വളയും ;'എന്ന കുഞ്ഞുണ്ണിമാഷിന്റെ വായനയെ കുറിച്ചുള്ള കൊച്ചു സന്ദേശം നമുക്ക് വലിയ ആശയം നൽകുന്നു.

ഈ ആധുനിക യുഗത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന അല്ലെങ്കിൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് വായനാ ശീലം. പണ്ട് അവധിദിവസങ്ങളിൽ വായനാശാലയിലേക്ക് ഓടിപ്പോയവർ, പ്രത്യേകിച്ച് കുട്ടികൾ, ഇന്ന് കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും

മായാലോകത്തിലേക്ക് ഓടികൊണ്ടിരിക്കുകയാണ്. അതിനാൽ പല വായനാശാലകളിലും വായിക്കാൻ ആളുകൾ ഇല്ലാത്തതിനാൽ അടച്ചുപൂട്ടിപോവുകയും ചെയ്തു.

Aleena Binu
(8G)

# എങ്ങനെ വന്നു തിരുവോണം?

ഓണത്തെക്കുറിച്ചുള്ള ഐതീഹ്യങ്ങൾ പലതാണ്. അതിൽ പ്രധാനം മഹാബലിയുടേത് തന്നെ പ്രഹ്ലാദപുത്രനായ വീരോചനപുത്രനാണ് മഹാബലി.വലിയ ത്യാഗം ചെയ്യുവൻ എന്നാണ് മഹാബലിയെന്ന വാക്കിനർത്ഥം. ഇദ്ദേഹത്തിന്റെ ഭരണം ദേവന്മാരെ പോലും അസൂയപ്പെടുത്തുന്നതായിരുന്നു.ഈ കാലത്ത് മനുഷ്യരെല്ലാരും ഒരുപോലെയായിരുന്നു. കളവും ചതിയും ഒന്നും തന്നെ അവർക്കിടയിൽ ഇല്ലായിരുന്നു.മഹാബലിയുടെ ഭരണത്തിൽ അസൂയാലുക്കളായ ദേവന്മാരുടെ അഭ്യർത്ഥന പ്രകാരം മഹാവിഷ്ണു വാമനനായി അവതരിച്ച് മഹാബലിയെ പാതാളത്തിലേക്ക്(രസാതലം-

സ്വർഗ്ഗത്തേക്കാൾ സുഖകരമായ ഇടമാണിതെന്ന് പുരാണങ്ങളിൽ പറയുന്നു) ചവിട്ടിത്താഴ്ത്തി. ദേവമാതാവായ അദിതിയുടെ പുത്രനായി മഹാവിഷ്ണു അവതിരച്ചതത്രെ വാമനൻ.



മഹാബലി വിശ്യജിത്ത് യാഗം നടത്തുന്നതിന് ഇടയിലാണ് വാമനൻ എത്തിയത്. അദ്ദേഹം മഹാബലിക്ക് കൊടുത്ത വാക്ക് പ്രകാരം വർഷം തോറും മഹാവിഷ്ണുവിന്റെ ജന്മനക്ഷത്രമായ തിരുവോണനാളിൽ മഹാബലി തന്റെ

പ്രജകളെ കാണാനെത്തുമാണെന്ന്
ഐതിഹ്യം.

ആസ്ലിൻ ഗർവാസീസ്
IX E

# വയനാടിന്റെ ദുഖം

കാടും മലകളും കാനനവാസിയും
കർഷകരും ചേർന്ന കൊച്ചുനാട്
കാപ്പിചെടികളും കറുത്തപൊന്നും
വയലേലയും ചേർന്ന വയനാട്
കാളപൂട്ടുന്നതും ഞാറുനടുന്നതും
ഉത്സവമാക്കിയ കൊച്ചുനാട്
പാടവരമ്പിലും കുന്നിൻചെരുവിലും
ഓടിത്തിമിർക്കുന്ന കൊച്ചുകുട്ടർ
ഓണമടുക്കുമ്പോൾ ഊഞ്ഞാലുകെട്ടിയും
പൂക്കളിറുത്തുമാ കൊച്ചു പിള്ളേർ
മാവേലിമന്നനെ വരവേൽക്കുവാനായി
നാടൊരുങ്ങീടുന്ന നേരത്തിതാ



മലനാടിൻ മക്കളെ ഞെട്ടിത്തരിപ്പിച്ച്
കലിതുള്ളിയെത്തി കാലവർഷംമുറിവേറ്റ

ഭൂമിതൻ സംഹാരതാണ്ഡവം
തല്ലിക്കെടുത്തി പ്രതീക്ഷയെല്ലാം
നട്ടുനനച്ചതും കെട്ടിപടുത്തതും
ഓമനയായതുമോർമയായി

ഹെൽന ജോർജ്
VIII G

# ഭാരതം

നാം പിറന്ന ഭാരതം

നന്മയാർന്ന ഭാരതം

നന്മയാർന്ന ഭാരതത്തെ

നിത്യവും നമിക്ക നാം

അമലയാണു ഭാരതം

അമ്മയാണു ഭാരതം

അമ്മയായ ഭാരതത്തെ

നിത്യവും നമിക്ക നാം




-Muhammed Ziyan

# ലക്ഷ്യം

അപ്പു കളികൾക്കിടയിൽ ഒന്ന് ഉറങ്ങിപ്പോയി. സൂര്യന്റെ അതിശക്തമായ കിരണങ്ങൾ അപ്പുവിന്റെ ഉറക്കത്തെ ഉണർത്തി.
അവൻ തന്റെ കൂണപോലുള്ള ആ കുഞ്ഞുവീട്ടിലേക്ക് പ്രവേശിച്ചു. തികച്ചും മണ്ണ് മെഴുകിയ ഓലമേഞ്ഞ കുഞ്ഞ് വീട്. അപ്പു അമ്മയെ വിളിച്ചു. അമ്മ തന്റെ ആ കുഞ്ഞു പറമ്പിലെ വിറകുകൾ പെറുക്കുന്നതിന്റെ ഇടയിൽ അപ്പുവിന്റെ വിളികേട്ടു. അപ്പു തന്റെ വീടിന്റെ വാതിൽക്കൽ ചെന്നു നിന്നു.അച്ഛൻ ആ വെയിലത്ത് മണ്ണിലേക്ക് തന്റെ വിയർപ്പു ചോലകൾ വെള്ളം എന്നപോലെ ഒഴിച്ചുകൊടുക്കുകയാണ്. അതുകണ്ടുകൊണ്ട് അപ്പു പുസ്തകം എടുത്ത് പഠിക്കുവാനാരംഭിച്ചു. വൈകുന്നേരമായി. അപ്പു കുളിച്ചു. അവൻ

കോലായിൽ നോക്കി. അങ്ങുനിന്ന് അച്ഛൻ കൈക്കോടാലിയും എടുത്ത് അസ്തമയ സൂര്യന്റെ കിരണങ്ങളിലൂടെ വീട്ടുലക്ഷ്യമാക്കി വരികയാണ്. അച്ഛൻ കുളിച്ചു. എന്നിട്ട് ഇന്നുകിട്ടിയ ആ സമ്പാദ്യമായ വാഴക്കുലയും രണ്ടോ മൂന്നോ ചേനയും കൊണ്ട് കടയിൽ കൊടുക്കാനായി അച്ഛൻ പോയി. അങ്ങനെ അമ്മയും അപ്പുവും തന്നെയായി.അവർ അച്ഛനെ കാത്തിരിപ്പായി. അച്ഛൻ തിരിച്ചെത്തി, അമ്മ മൺപാത്രത്തിൽ കഞ്ഞിയും കോരി കുടിക്കുവാനായി പ്ലാവിലയും അപ്പുവിനും അച്ഛനും നൽകി. നന്നായി പഠിക്കുന്ന കുട്ടിയാണ് അപ്പു. ദാരിദ്രത്തിൽമുങ്ങി നിൽക്കുന്ന ജീവിതമാണ് അവന്റേത്. അവന്റെ അച്ഛനും അമ്മയ്ക്കും ഒരേഒരു പ്രതീക്ഷയാണ് അവൻ. ധാരാളം സമ്മാനങ്ങൾ അപ്പു മേടിച്ചിട്ടുണ്ട്.അച്ഛനും അമ്മയും വളരേയേറെ കഷ്ടപ്പെട്ടു. സ്വന്തം താലിമാല വരെ ആ അമ്മ വിറ്റു. അപ്പുവിനെ പഠിപ്പിക്കുവാൻ വേണ്ടിയായിരുന്നു അത്. അവൻ വലുതായി. ഡോക്ടറാകണമെന്ന ലക്ഷ്യം അവൻ സാധ്യമാക്കി. കഠിനാധ്വാനത്തോടെ അവൻ ആ ലക്ഷ്യം നേടിയെടുത്തു. വലിയ ഒരു നിലയിലാണ് അപ്പു വന്നത്. പിന്നീട് ആ മാതാപിതാക്കൾ

**സന്തോഷത്തോടെ വിശ്രമിക്കുകയായി. നമുക്ക് എന്തിനും ഒരു ലക്ഷ്യം വേണം,**
**അത് യാഥാർത്ഥ്യമാക്കാൻ പരിശ്രമിക്കണം.**

-യദുനന്ദ പി. ഡി

8 -A

# മണ്ണിലെ ദൈവങ്ങൾ

അമ്മിഞ്ഞപ്പാലൂട്ടിവളർത്തിയോ
രമ്മയെ നമ്മൾ മറക്കരുതേ
തോളിലേറ്റി താലോലിച്ചൊരു
താതനെ നമ്മൾ മറക്കരുതേ

അക്ഷരമാദ്യം ചൊല്ലിതന്നൊരു
ഗുരുവിനെ നമ്മൾ മറക്കരുതേ
അമ്മയുമ്മച്ഛനുമധ്യാപരും
മണ്ണിൽ നമ്മുടെ ദൈവങ്ങൾ

അവർ മൂവരും ചൊലും വാക്കുകൾ
എന്നും നാം ചെവിക്കൊണ്ടീടണം
അവർ ചൊലും വചനകൾ
എന്നും ദൈവവചനകൾ

JAMSHIYA SHERIN

*9D*

# ജനലരികുകളിലേക്ക് തള്ളപ്പെട്ടവർ

കേരളം ആരോഗ്യകാര്യത്തിൽ മുൻപന്തിയിൽ തന്നെ.മരണനിരക്കിന്റെ ഗ്രാഫ് താഴേക്ക് മാറുന്നതും ആയുർദൈർഘ്യത്തിന്റെ ഗ്രാഫ് മേലോട്ടുയരുന്നതും ഇതിന്റെ തെളിവുകളാണ്.സമകാലീന കേരളത്തിൽ ഉയർന്നുകൊണ്ടിരിക്കുന്ന വൃദ്ധസദനങ്ങളുടെ ഗ്രാഫ് നിങ്ങളുടെ ശ്രദ്ധയിൽ പെടുന്നുണ്ടോ?...ആരാണിതിന് ഉത്തരവാദികൾ.....

കുഞ്ഞ് ശൈശവത്തിൽ മൊഴിയുന്ന അജ്ഞാതഭാഷ മനസിലാക്കി കുഞ്ഞിന് ഉത്തരമേകുന്ന അമ്മ പിന്നീടെപ്പോഴോ ഒന്നും മനസിലാക്കാനാകാത്ത ഒരാളായി, യുവമനസിനു തോന്നുന്നു.

തെറ്റിൽനിന്നും ശരിയുടെ വീഥിയിലേക്ക് കൈപിടിച്ചു കരുതലോടെ നടത്തിയ അച്ഛൻ കാലം കഴിയുമ്പോൾ അതികപറ്റായി മാറുന്നു. ഇത്തരം ധാരണയുടെ അവസാന വാക്കായി വൃദ്ധസദനങ്ങളുടെ വാതിലുകൾ മാതാപിതാക്കൾക്ക് നേരെ തുറക്കുന്നു......

കൂട്ടുകുടുംബ വ്യവസ്ഥകൾ അണുകുടുംബങ്ങളിലേക്ക് മാറികൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ജീവിതം ഏറ്റവും ക്ലേശകരമായി തീർന്നിരിക്കുന്നത് സ്വാഭാവികമായും വൃദ്ധജനങ്ങൾക്കാണ്. വാർദ്ധക്യം എന്നത് ശൈശവം, ബാല്യം,കൗമാരം, യൗവ്വനം, എന്നത് പോലെ ജീവിതത്തിന്റെ സ്വാഭാവികമായ പരിണാമം മാത്രമാണ്.

വാർധക്യമെന്നത് ചിലർക്ക് മാത്രം വരുന്ന ഒന്നല്ല. ഈ ഭൂമിയിൽ പിറന്ന എല്ലാ മനുഷ്യരും നടന്നടുക്കുന്നത് അങ്ങോട്ടുതന്നെയാണ്. സ്നേഹവും പരിലാളനവും അനുഭവിച്ചും വളർന്ന കുട്ടിക്കാലവും, ചോരത്തിളപ്പും

കരുത്തും ആവേശവും ജ്വലിച്ചുനിന്ന യൗവനവും പിന്നീട് അവശതയും കടന്നു പോകുമ്പോൾ സ്വാഭാവികമായും പ്രാഥമിക ആവശ്യത്തിനുപോലും നടന്നപോകാൻ പ്രയാസപ്പെടുകയും എന്തിനും മറ്റുള്ളവരെ ആശ്രയുക്കേണ്ടി വരികയും ചെയ്യുന്ന അവസ്ഥ എത്ര ദയനീയമാണ്. ജീവിക്കുക എന്ന ആവശ്യത്തിനപ്പുറം എല്ലാം വെട്ടിപ്പിടിക്കുക എന്ന ദുരാഗ്രഹവുമായി ഓടുമ്പോൾ വീട്ടിൽ കഴിയുന്ന വൃദ്ധമാതാപിതാക്കൾ മക്കൾക്ക് ഭാരമായി തോന്നുന്നു. തങ്ങൾക്കു ജന്മം നൽകി സ്നേഹത്തോടെ പോറ്റി വളർത്തി വലുതാക്കി ജീവിക്കാൻ പ്രാപ്തരാക്കിയ മാതാപിതാക്കളെ യാതൊരു ദയയും ഇല്ലാതെ വൃദ്ധസദനങ്ങളിലേക്ക് അയയ്ക്കുന്നു. തങ്ങൾക്കും നാളെ ഈ ഒരു അവസ്ഥ വരാനുണ്ട് എന്ന ഒരു ബോധവും ഇല്ലാതെ സസന്തോഷം ജീവിക്കുന്നു.

മക്കൾക്കു വേണ്ടി ജീവിച്ച് ജീവിച്ച് ത്യാഗങ്ങൾ സഹിച്ച മാതാപിതാക്കളാണ് ആധുനികതയുടെ ഈ മലവെള്ളപാച്ചിലിൽ അടിത്തറ ഇളകി ഒലിച്ചുപോയി കൊണ്ടിരിക്കുന്നത്. തിരക്കുമൂലം



മാതാപിതാക്കളുടെ സുഖദുഃഖങ്ങൾ തിരക്കാൻ നേരം കിട്ടുന്നില്ല. എന്നാൽ മക്കളുടെ സുഖദുഃഖങ്ങൾ തിരക്കാൻ തിരക്കു കൂടിയവരാണ് ഇന്ന് മക്കളോ മരുമക്കളോ തിരിഞ്ഞുനോക്കാൻ ഇല്ലാതെ അനാഥരാകുന്നത്. മഴയത്തു കൂൺ മുളയ്ക്കുന്നതു പോലെ,വൃദ്ധസദനങ്ങൾ

പെരുകുന്ന ഇക്കാലത്തു വൃദ്ധസദനങ്ങൾ പലതും ഇവർ തമ്മിലുള്ള അകലം വർദ്ധിപ്പിക്കുന്നു. എല്ലാ സദനങ്ങളിലെയും ജനാലയ്ക്കരികിൽ വഴിയിലേക്ക് നോക്കി ഇരിക്കുന്ന നിരവധി നിറകണ്ണുകളുണ്ട് ഇന്ന് നേരുണ്ടാക്കി മക്കൾ വരുമെന്ന് കൊതിച്ച് വെറുതെ കണ്ണുകഴുകുന്നവരുടെ എണ്ണമാണ് കൂടുതൽ. ആധുനികതയുടെ കുത്തൊഴുക്കിൽ ആർജ്ജിച്ചെടുത്തതെല്ലാം അച്ഛനമ്മമാരുടെ ഇഷ്ടദാനങ്ങളാണെന്ന് മറക്കുന്ന മക്കൾ അച്ഛനും ആമ്മയും സഹിച്ച കഷ്ടപ്പാടുകളുടെ കണക്കു പുസ്തകങ്ങൾ എവിടെയാണെന്ന്......

നാവിന് രുചിയില്ലാത്ത....
കാഴ്ചയ്ക്ക് നിറമില്ലാത്ത...
അസ്ഥികൾ വലിക്കുന്ന...
ഒരു വാർദ്ധക്യം വരാനുണ്ട് നമുക്ക്....

മഷി തീർന്ന പേന പോലെ...
മേശവലിപ്പിൽ തട്ടി കളിക്കാൻ....
പീറ്റയായ തെങ്ങുപോലെ......

തളയിടാതെ വളറിടാതെ...
യൗവനത്തിന്റെ കുതിരക്കുളമ്പടികൾ
ഭൂമിയെ പിളർത്തുമ്പോൾ
*ഓർക്കുക ഇന്നു ഞാൻ നാളെ നീ.....*

***SANILIT V SANTHOSH***

**9 D**

# ആഗ്രഹത്തിന്റെ

# ചങ്ങല

അകലേ ഒരു ഉൾഗ്രാമം ......അധികം വിദ്യാസമ്പന്നരോ അറിവുള്ളവരോ ഇല്ലാതെയിരുന്ന ഗ്രാമം. അവിടെ ഒരു കാപ്പിത്തോട്ടത്തോട് ചേർന്ന് ഒരു വീട്ടിൽ ഒരു 8 അംഗകുടുംബം ജീവിച്ചിരുന്നു. 6 മക്കളും 2 രക്ഷിതാക്കളും, പശുവും വയലും മറ്റുമായി വളരെ അധ്വാനശീലം പുലർത്തിയവരായിരുന്നു ആ കുടുംബം 7 പശുവും 3 ഏക്കർ വയലും ......... കഷ്ട്ടപ്പാട് പറയാതെ തന്നെ വ്യക്തം.

അകലേ ഒരു ഉൾഗ്രാമം ......അധികം വിദ്യാസമ്പന്നരോ അറിവുള്ളവരോ

ഇല്ലാതെയിരുന്ന ഗ്രാമം. അവിടെ ഒരു കാപ്പിത്തോട്ടത്തോട് ചേർന്ന് ഒരു വീട്ടിൽ ഒരു 8 അംഗകുടുംബം ജീവിച്ചിരുന്നു. 6 മക്കളും 2 രക്ഷിതാക്കളും, പശുവും വയലും മറ്റുമായി വളരെ അധ്വാനശീലം പുലർത്തിയവരായിരുന്നു ആ കുടുംബം 7 പശുവും 3 ഏക്കർ വയലും ……… കഷ്ട്ടപ്പാട് പറയാതെ തന്നെ വ്യക്തം. വളരെ കഷ്ടപ്പെട്ട് ആ പിതാവ് മൂന്ന് പെൺമക്കളും കെട്ടിച്ചയച്ചു.ബാക്കി മൂന്ന് ആൺമക്കളിൽ ഒരുവൻ നന്നേ ചെറുപ്പത്തിലെ തന്നെ പനിബാധിച്ച് മരിച്ചിരുന്നു.മറ്റ് രണ്ട് പേരുടെയും വിവാഹം മനോഹരമായി നടത്തി.മക്കളും മരുമകകളും ഒക്കെയായി സന്തുഷ്ടകുടുംബം. ഏറെ വയസായിട്ടും ആ മാതാപിതാക്കൾ തങ്ങളുടെ ഒരാവശ്യത്തിനും മക്കളെയോ മരുമക്കളെയോ ബുദ്ധിമുട്ടിച്ചിരുന്നില്ല.സ്വന്തം കാര്യം ചെയ്ത് ആർക്കും തടസമാവാതെ അവർ ജീവിച്ചു.

ആ അച്ഛനും അമ്മക്കും മറ്റെല്ലാവർക്കും അവിശ്വസിനിയമായ ഒരു കാര്യമായിരുന്നു അടുത്ത പുലരി കൊണ്ട് വന്നത്;ബാക്കിയുണ്ടായിരുന്ന രണ്ട് ആൺതരിയിൽ ഒന്നിനെ ദൈവം അങ്ങ് എടുത്തു.ഒരു റോഡ് ആക്സിഡന്റ് വഴി.....അത് ആ കുടുംബത്തിനെ മുഴുവൻ പിടിച്ചു കുലുക്കി. വളരെയധികം അച്ഛനെ.....പുറമെ പ്രകടിപ്പിച്ചില്ലെങ്കിലും ആ പിതാവിനത് താങ്ങാനാവുന്നതിന്റെ അപ്പുറമായിരുന്നു. മകന്റെ മരണം ആ പിതാവിന്റെ മരണത്തിലേക്ക് പോലും വഴിതെളിച്ചു.

മനസ് കൊണ്ട് തളർന്നുപോയ അച്ഛൻ മകൻ മരിച്ച രണ്ടാം മാസം ശരീരവും തളർന്ന് കിടപ്പിലായി.തുടർന്ന് പല ചികിത്സകളും നടത്തിയെങ്കിലും കൃത്യം ആറാം മാസം അച്ഛനും മരണപ്പെട്ടു. തുടരെത്തുടരെയുള്ള രണ്ട് മരണങ്ങൾ ആ കുടുംബത്തിന്റെ താളം തെറ്റിച്ചു.

സ്നേഹനിധിയായ മകനും ഭർത്താവും നഷ്ടപ്പെട്ടതോടെ അമ്മ വല്ലാതെ ഒറ്റപ്പെട്ടു.നാല് കെട്ടുള്ള ഒരു മുറി, ഒരു ജയിൽമുറിയായി അവർക്കനുഭവപ്പെട്ടു.അച്ഛന്റെ അഭാവം അമ്മയ്ക്ക് തീരാവേദനയാണെന്ന് മനസിലാക്കിയ മകൻ അമ്മയെ കൂടുതൽ ശ്രദ്ധിക്കുകയും പരിചരിക്കുകയും ചെയ്തു.

എന്നാൽ മരുമകൾ പ്രതീക്ഷകൾക്കുമപ്പുറം മാറി എന്നും കുത്തുവാക്കുകളും ചീത്തയും അമ്മക്കവൾ സമ്മാനമായി നൽകി. എങ്കിലും അമ്മ പരാതിയൊന്നും പറഞ്ഞില്ല. മകന്റെ സ്നേഹത്തിൽ തൃപ്തിയായി. പക്ഷേ, മകന്റെ സ്നേഹവും ദീർഘകാലം നീണ്ട് നിന്നില്ല.

പതിയെപ്പതിയെ മകന്റെ സ്വഭാവത്തിലും മരുമകളുടെ സ്വഭാവസവിശേഷതകൾ

കലരാൻ തുടങ്ങി. അമ്മ എന്നിട്ടും ഈൗശ്വരനിൽ

വിശ്വാസമർപ്പിച്ച് എല്ലാം സഹിച്ചു. പലതും പലരോടും പറയാതെ മൂടിവച്ചു. എങ്കിലും കുത്തുവാക്കുകളും പ്രവർത്തികളും അതിര് കടന്നപ്പോൾ പ്രായം കൊണ്ട് ബലഹീനയായ ആ അമ്മ പലതും തന്റെ മറ്റുമക്കളോട് തുറന്ന് പറഞ്ഞു. അമ്മയുടെ സങ്കടംകണ്ട മറ്റുമക്കൾ ഇത് അവനോട് അന്വേഷിച്ചു. ഇതിന് മകനും മരുമകളും പ്രതികരിച്ചത് ആ അമ്മ പോലും ഇന്നുവരെ പ്രതീക്ഷിക്കാത്ത രീതിയിലായിരുന്നു.

മകൻ പറഞ്ഞു:സ്വത്തും മുതലുമൊക്കെ മാതാപിതാക്കൾ ഉണ്ടാക്കുന്നത് മക്കൾക്ക് വേണ്ടിത്തന്നെയാണ് അതിനുവേണ്ടി ജീവിതകാലം മുഴുവൻ ഇങ്ങനെ ഒരു ഭാരമായി ചുമക്കാൻ ഞങ്ങളെക്കൊണ്ട് കഴിയില്ല.എനിക്കും എന്റെ

ഭാര്യക്കുംവേറെയും ജോലികളുണ്ട്.ആരുടെ കൂടെയാണ് വെച്ചാ പൊയ്ക്കോ....പിന്നെ സ്വത്തും മൊതലൊന്നും തിരിച്ച് ചോദിക്കേണ്ട....

ഈ സംഭവത്തിന് ശേഷം അമ്മയെ അവരുടെ മൂത്തമകൾ കൊണ്ടു പോയി. എത്രയൊക്കെ പരിചരിച്ചിട്ടും അമ്മയ്ക്ക് കഴിഞ്ഞതൊന്നും മറക്കാൻ കഴിഞ്ഞില്ല. മാനസികരോഗിയായ ആ അമ്മയ്ക്ക് തന്റെ മകൻ തന്നോട് ചെയ്ത ഓരോ പ്രവർത്തിയും ഓരോ വാക്കും വീണ്ടും വീണ്ടും ഓർമവന്നു.ആ അമ്മ കരഞ്ഞുകൊണ്ടുറക്കെ പറയാൻ തുടങ്ങി എന്റെ പൊന്ന് മോൻ അവൻ എന്നോട് ഇത് ചെയ്തല്ലോ....?

നിനക്കറിയോ മോളേ ഈ മോന് തിരിച്ചറിവെത്തിയിട്ടും ഞാൻ കൂടെ വേണാർന്നു.....അവനുറങ്ങാൻ എന്റെ വലെത്തുങ്ങി നടപ്പാർന്നു പണി...ആ അമ്മെ

പൊട്ടിക്കരഞ്ഞു. മകൾ ആശ്വസപ്പക്കാൻ ശ്രമിച്ചെങ്കിലും വീണ്ടും തുടർന്നു, പണ്ട് അവന് ദേഹം മുഴുവൻ ചൊറിവന്നു നാശായി. ആരും നോക്കാൻ പോലും അറക്കുന്ന തരത്തിൽ അതങ്ങ് മേൽ മുഴുവനായി എന്നിട്ട് പ്രസവിച്ചുകടന്ന ഞാനാ എന്റെ കൈകുഞ്ഞിനെ വെച്ച് എന്റെ ആരോഗ്യം നോക്കാതെ അവനെ തേച്ച് തേച്ച് കുളിപ്പിച്ച് മരുന്നുവെച്ചത് അന്ന് എന്നോട് പലരും പറഞ്ഞു..വേണ്ടച്ചേ....അത് പകരും...നിന്റെ ചെറിയകൊച്ചിനെയും കൂടി അത് ബാധിക്കും.ഞാനത് കാര്യാക്കീലാ...നോക്കി അവനെ പൊന്ന് പോലെ....മറിച്ച് ഇന്നവൻ എനിക്കൊരിത്തിരി വിറയലും മറവിയും വന്നപ്പോൾ ഭാര്യയുടെ വാക്കും കേട്ട് എന്നെ ഒഴിവാക്കി, അമ്മ വീണ്ടും വീണ്ടും കരഞ്ഞു.

എന്നിട്ട് പറഞ്ഞു

എനിക്കൊര് പ്രാവശ്യം ഒരൊറ്റ പ്രാവശ്യം കൂടി എല്ലാരേയും ഒരുമിച്ച് കാണണാർന്നു....

കരച്ചിലും പറച്ചിലും കഴിഞ്ഞ് രാത്രി ഏറെ വൈകിയാണ് ഉറങ്ങിയത്. രാവിലെ കാപ്പിയുമായി വന്നമകൾ അമ്മയെ ഒരുപാട് വിളിച്ചു.... .ഉണർന്നില്ല.....അവൾ തട്ടി നോക്കി അവൾക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല. ശ്വാസമറ്റ് കിടക്കുന്ന അമ്മ കവിളിൽ കണ്ണീരുണങ്ങിയ പോലെ... ഞെട്ടിത്തരിച്ച അവൾ ഒന്നും ചെയ്യാൻ കഴിയാതെ ആ ചുമരോട് ചേർന്നിരുന്നു.ആളുകൾ കൂടിക്കൂടി വന്നു. അവസാനം മൃതദേഹം കൊണ്ടുപോകുമ്പോൾ അവൾ തലേന്ന് രാത്രി തന്റെ അമ്മ പറഞ്ഞ ആഗ്രഹത്തെ ഓർത്തു...എല്ലാരും വന്നു എങ്കിലും അമ്മയ്ക്ക് കണ്ണുതുറക്കാനും കാണാനോ കഴിയുന്നില്ല

അമ്മയ്ക്ക് അതിയായ ആഗ്രഹം ഉണ്ട്. എങ്കിലും ആരോ ചങ്ങലക്കിട്ട് കൊണ്ട് പോകും പോലെ പോവുകയാണ്. മൃതദേഹം അകലും തോറും അവളുടെ കാതിൽ

ചങ്ങലയുടെ ശബ്ദം മുഴങ്ങുന്നത് പോലെ അവൾക്കു തോന്നി

ച്ലിം.... ച്ലിം.... ച്ലിം....

Thasni k

# Global Warming

Nowadays our earth is suffering lot of problems done by the human beings.one of the main thing is global warming .global warming is increase in the average temperature of earth's atmosphere.this heating up of the earth's atmosphere is caused by ever increasing release of green house gases into the atmosphere. Green house gases are gases that absorb heat release of

green house gases like carbon dioxide, methane etc. are

mainly caused by burning of fossil fuels like coal,petroleum etc. animal dung (release of methane),burning of plastic etc. and the excessive use of these the consequences are possible melting of polar ice ,raising of sea



level ,coastal flooding , disruption of

drinking water supplies ,extention of many species , possibility of tropical storms etc. so, for our bright future we want's protect our earth. Destroy global warming before it destroy us. Global warming is not a good idea for our coming generation.

Fathima naurin .k
10 F

# സ്വപ്നജാലമാം വിദ്യാലയം



ഇതാ ഞാനിതാ
ഓർക്കുന്നു
എൻെറ ഒരു
സ്വപ്നജാലകം
അക്ഷരത്താളുകളെ
കൈകൂപ്പി വണങ്ങുന്ന
ഒരു കൂട്ടമെൻ മിത്രങ്ങളെ



ഒരു കൂട്ടമെൻ
ഗുരുനാഥരെ …………
അറിവിൻെറ
വെളിച്ചം പകരുമി

തിരിയുടെ ഒരു ചെറുവെട്ടം നക്ഷത്രമായി
ഒരു ചെറുവട്ടം നക്ഷത്രമായി



ഓരോ ദിനങ്ങളും ഒരു
പുത്തനറിവുമായി
എന്നിതൾതൻ
നിറവുമായി
ഓരോ ചെറു ചുവടും
വിജയത്തിൻ
ചിറകുമായി ഞങ്ങളിതാ പറന്നിടുന്നു
ഞങ്ങളിതാ പാറിപറന്നിടുന്നു..........

Saranya M S
9th A

# TECHNOLOGY AND DEVELOPMENT

Technology refers to the tools, machines , materials techniques and sources of power to make work easier and more productive.While science is concerned with understanding how and why things happen ,technology deals with making things happen.

Development is closely related with technology.The stage of development of the human being has arrived could have been

possible without the advancement in technology . The radical change and advancement in the economy ,as we observe today ,is the result of the modern technology.

Technology has brought about efficiency and quality in the manufacturing sector . Technological advancement has reduced the risk involved in manufacturing enterprises.There has been temendours improvement in the field of health the world over not only the aver Ton,religious activities and daily life activities all are under the infuence of technology,but it is important tokeep in

mind that technological advancement has affectedhuman life both positively as well as negatively.Not only that life has become easy and comfortable,there are also indicators of several threats to life and society

Aflaha
9D


# തുലാസ്

ഇനിയെന്റെ കാറ്റിന് വേഗമേറും
ഇനിയെൻ മഴത്തുള്ളി വ്യാപ്തമേറും
ഇനിയെൻ തണുപ്പിൽ നീ തോറ്റുപോകും
ഇനിയെന്റെ ചൂടിൽ നീ തിളതിളക്കും
ഞാനില്ല നീയില്ല നമ്മളില്ല
വനമില്ല വയലില്ല പുഴകളില്ല
നിമ്നോന്നതങ്ങളായൊന്നുമില്ല.
അന്ന് ഭാരമായ് പേറിയതൊന്നുമില്ല.
ഒരു ജലഗോളമായ് കിടുകിടുങ്ങും
ഒരു വാർത്ത പറയുവാൻ ഞാനൊരുങ്ങും
ഒരു നൻമ ചെയ്തവൻ കേട്ടുകൊൾവീൻ
ഒരു യാത്ര ചോദിപ്പിൻ വീണ്ടുമില്ല.
നീതിയില്ലാത്ത തുലാസുകൾ സൃഷ്ടിച്ച
നീരാളികൈകൾ ഇതോർത്തുകൊൾവീൻ

ഷാനവാസ് എ കെ


Jamshiya Sherin - IX D


Geometrical Figure




By

St. S.T.U.B.S kallody Muhammad Sinan - VII-E


land Scape
Sana fathima.
IX-E



By,
Haripriya M.S


Hanna B. X C


Laila Mina . O.k VIII A




By,
Jogel Shaji VIII :F


Fathima Nausin-K
XF


By Fathima
Farhana.K
X.F




by Avathykrishna
IX E



# ഓരോ വാക്കുകൾക്കും
# വരികൾക്കും
# കാരണമായവർക്കും
# വായിച്ചറിഞ്ഞവർക്കും
# വിമർശിച്ചവർക്കും
# വലിച്ചെറിഞ്ഞവർക്കും......

# "നന്ദി"